

MAGNUM
MAGNUM
2023




Editorial Board


# Editorial Board


- **Ms. RAYISHA U.** (CHIEF EDITOR)
  (B.Com COMPUTER APPLICATIONS)
- **Ms. HASNAMOL H.**
  (B.Sc MICROBIOLOGY)
- **Ms. NANDANA A.**
  (B.Sc MICROBIOLOGY)

## FACULTY ADVISERS

- **DR. H. HARIKRISHNAN** (PRINCIPAL)
- **DR. K.J. JAMES** (HoD LITERATURE)
- **Ms. ANEESHA M.H.**
  (ASSISTANT PROFESSOR LITERATURE)


**MARCH 22, 2023**



# ഉള്ളടക്കം


എഡിറ്റോറിയൽ ........ 2

സൗഹൃദം ........ 3

ആർദ്രനിമിഷങ്ങൾ ........ 5

സ്വാതന്ത്ര്യത്തിന്റെ മധുരം ........ 7

ആദ്യയാത്ര – ആദ്യ അനുഭവം ........ 9

ഒരു ചായയുടെ ഓർമ്മയ്ക്ക് ........ 11

ഇന്നിന്റെ മധുരപ്പഴം ........ 13

ഉഷസ്സ് ........ 14

ആഗ്രഹം ........ 15

പ്രതീക്ഷ ........ 16

സ്ത്രീ വസ്ത്രധാരണം സമൂഹത്തിന്റെ ഇടപെടലുകൾ ........ 18

സഖാവിന്റെ സഖി ........ 21

WRITER'S HEART BLEEDS! ........ 22

SOCIAL MEDIA: THE FOURTH PILLAR OF DEMOCRACY ........ 23

WHEN THE BOOKS TURN INTO ASHES ! ........ 25

THE PROTEST ........ 26

WALK ALONE ........ 27

यादों ........ 28



# എഡിറ്റോറിയൽ

എഡിറ്റോറിയൽ

**ജീ**വിതത്തിൽ അത്രമേൽ ആഴത്തിൽ പതിയുന്ന ഇടങ്ങളാണ് **കലാലയങ്ങൾ.**
മനുഷ്യയാത്രയിൽ വർണ്ണ ശബളമായ നിമിഷങ്ങൾ സമ്മാനിച്ച കാലയളവാണ് **കലാലയ ജീവിതം.**
ജീവിതത്തിന്റെ അനുഭവ പാഠങ്ങൾ നൽകിയ വഴിത്താരകളാണ്, നേര് പറഞ്ഞു പഠിപ്പിച്ച ഇടനാഴികളാണ്, ജാതീയതക്കും മതത്തിനും ലിംഗത്തിനും വർണ്ണത്തിനും അതീതമായി മനുഷ്യരാശിയെ ഒന്നായി കാണാൻ പഠിപ്പിച്ച ഇടങ്ങളാണ്.

കഴിഞ്ഞ ഒരു വർഷ കാലത്തെ നമ്മുടെ കലാലയത്തിലെ കുറെയേറെ മനസ്സുകളുടെ സ്വപ്നങ്ങളും സഞ്ചാരങ്ങളും നേരംപോക്കുകളുമാണ് ഈ മാഗസിനിൽ ഉൾക്കൊള്ളുന്നത്. പറഞ്ഞതും പറയാത്തതുമായ ഇഷ്ടങ്ങളും നഷ്ടങ്ങളും ഇവിടെ പങ്കുവെയ്ക്കപ്പെടുന്നു. ഓരോ കലാസൃഷ്ടിയും ഓരോ മനസ്സിനെയും മുഖത്തെയുമാണ് തുറന്നു കാട്ടുന്നത്.

ഇതിലെ ഓരോ കടലാസിലും വിരൽ ഓടിക്കുമ്പോൾ, കണ്ണുകൾ മിന്നി മറയുമ്പോൾ നാം നമ്മെ തന്നെ ഇവിടെവിടൊക്കെയോ കണ്ടെത്തിയെന്ന് വരാം. കാലങ്ങൾക്കിപ്പുറവും ഇടയ്ക്ക് ഇടയ്ക്ക് പ്രിയപ്പെട്ടതൊക്കെ ഓർത്തെടുക്കാൻ പാകത്തിന് ഇതിലെ വരകളും വാക്കുകളും മാറട്ടെ, ഇവ ഓരോന്നും മനസിന്റെ കോണുകളിൽ ഇടം പിടിക്കട്ടെ....

# സൗഹൃദം




ഒരുനാളായ് പലനാളായ്
ഒന്നിച്ചുചേർന്നൊരു നാൾവഴി
തന്നിലേ കൂട്ടുകാർ ഈ നമ്മൾ
ജീവിതപാതതൻ ഈ കലാലയവീഥി
നമുക്കായ് ഒരുദിനം കരുതിവെച്ചൂ
ഈ നിലാ പൊയ്കയിൽ നീരാടുവാൻ
നമ്മൾ എല്ലായെപ്പോഴും ഒന്നിച്ചിതാ ....
സ്നേഹമാം വീഥിയുടെ ആഴമറിയും-
തോറും ആഴത്തിലേക്ക് ആഴ്ന്നിറങ്ങി.
മൗനങ്ങൾ എപ്പോഴും മായിച്ചിടുന്നിതാ
മധുരമാം ഓർമ്മകൾ മാത്രമായി.
മായാത്ത ഓർമ്മതൻ മാധുര്യം
ഇപ്പോഴും ഓർമ്മകളിലൂടെ ഒലിച്ചിറങ്ങി
ആനന്ദദിനങ്ങളിൽ ആറാടും ഈ ദിനം
ആരാരും അറിയാതെ മാഞ്ഞുപോയി.
പലവഴി പോയാലും പുതുനിറംകണ്ടാലും
മനസ്സിന്റെ അറയിലെ മായാത്ത
വർണ്ണമായ് വാനോളം ഉയരുന്ന ഈ സൗഹൃദം

**അമൃത രാജ്**
**ബി.എസ്.സി. സൈക്കോളജി**



സീതൽ വി.എസ്.
ബി.സി.എ.



# ആർദ്ര നിമിഷങ്ങൾ

**വൈ**കുന്നേരമാകുന്നതേയുള്ളൂ. നഗരം ശാന്തതയിലേക്ക് ചേക്കേറാൻ തുടങ്ങിയിരിക്കുന്നു. കൊറോണ സമയമായതുകൊണ്ടാവാം ജനങ്ങൾ പുറത്തിറങ്ങാൻ തന്നെ മടിക്കുന്നു. ഞാൻ ബസ്റ്റോപ്പിലേക്ക് നടന്നു. ചെറിയ ചാറ്റൽ മഴ പെയ്ത് കൊണ്ടിരിക്കുന്നു. ബസ്റ്റോപ്പിലെത്തി സമയം നോക്കി, അഞ്ചു മണിയായിരിക്കുന്നു. ബസ് വരാൻ ഇനിയും അരമണിക്കൂറുണ്ട്. ഞാൻ വെറുതെ ചാറ്റൽ മഴയിലൂടെ നഗരത്തിന്റെ മനോഹാരിത ആസ്വദിച്ചു നിന്നു. പെട്ടെന്നാണ് ഒരു പൊട്ടിക്കരച്ചിൽ കേട്ടത്. ഞെട്ടിത്തിരിഞ്ഞു നോക്കുമ്പോൾ സ്റ്റാൻഡിന്റെ മൂലയിൽ ഒരു സ്ത്രീ ചുരുണ്ടുകൂടി കിടക്കുന്നു. പൊട്ടിക്കരച്ചിലിന്റെ ശബ്ദം നേർത്ത തേങ്ങലായ് മാറി. പിന്നെ വളരെ താഴ്ന്ന ശബ്ദത്തിൽ അസ്പഷ്ടമായി എന്തൊക്കെയോ പിറുപിറുക്കാൻ തുടങ്ങി. ഞാൻ ശ്രദ്ധിച്ചു നോക്കുന്നത് കണ്ടിട്ടാവണം അടുത്തുള്ള കടയിലെ വയസ്സായ ചേട്ടൻ പറഞ്ഞു.

അതൊരു പ്രാന്തിയാ സാറെ.... ഒന്നരമാസമായി ഇവിടെ കൂടിയിട്ട്..... നാടറിയില്ല... വീടറിയില്ല... ആരെങ്കിലും വല്ലതും കൊടുത്താൽ ആർത്തിയോടെ കഴിക്കും... കിടത്തവും ഉറക്കവും ഇവിടെ തന്നെ സാറേ.... ആർക്കും ഒരുപദ്രവവുമില്ല.

അയാൾ പറയുന്നത് കേട്ട് ഞാൻ വീണ്ടും അവിടേക്ക് നോക്കി. ഇപ്പോഴവർ എണീറ്റിരിക്കുകയാണ്. കൈകൊണ്ട് എന്തൊക്കെയോ കാണിക്കുന്നു. അധികം വയസ്സൊന്നുമായി കാണില്ല. ഏറിയാൽ ഒരു നാൽപ്പതു നാൽപ്പത്തഞ്ച്. ഇടയ്ക്ക് എന്റെ മുഖത്തേക്കും അവർ നോക്കി എന്തൊക്കെയോ പിറുപിറുക്കുന്നു. ഞാനാ കടയിൽ നിന്നും ഒരു പായ്ക്കറ്റ് ബ്രഡ്ഡും ഒരു കുപ്പിവെള്ളവും വാങ്ങി അവരുടെ അടുത്തേക്ക് നടന്നു. അവർക്കു നേരെ നീട്ടിയ പൊതിയിലേക്കും എന്റെ മുഖത്തേക്കും കുറച്ചു നേരം നോക്കിയ ശേഷം പെട്ടെന്നവർ ആ പൊതി വാങ്ങി പൊട്ടിച്ച് ബ്രഡ്സ് പീസ് ആർത്തിയോടെ കഴിക്കാൻ തുടങ്ങി. കുപ്പിവെള്ളത്തിന്റെ അടപ്പൂരി ഞാനവർക്കു നൽകുമ്പോൾ ബസ്സ് സ്റ്റാൻഡിലുള്ള യാത്രക്കാർ കൗതുകത്തോടെ നോക്കുന്നുണ്ടായിരുന്നു. അവരുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കുന്നതു കണ്ടിട്ടാവണം അവർ കഴിക്കുന്നത് നിർത്തി മുഖം കുനിച്ചിരുന്നു.

പിഞ്ഞിക്കീറിയ പഴകിയ സാരിയും ബ്ളൗസും ദിവസങ്ങളായി കുളിക്കാത്തതുകൊണ്ടുള്ള മുഷിപ്പും നീളമുള്ള മുടി മൊത്തം ജഡ പിടിച്ചിരിക്കുന്നതുമായ കാഴ്ച്ച. ദയനീയമായിരുന്നു. ബോധമനസ്സ് നഷ്ടപ്പെട്ടുപോയാലുള്ള അവസ്ഥ എത്ര പരിതാപകരമാണെന്ന് ഞാൻ വെറുതെയോർത്തു. ഉപബോധമനസ്സിലൂടെ അവർ അവരുടേതായ ലോകത്താണ്. എന്തായിരിക്കാം ഇപ്പോൾ അവർ ചിന്തിക്കുന്നത് ? കഴിഞ്ഞുപോയ കാലത്തിന്റെ ഓർമ്മകൾ തേടി പരക്കം പായുന്നതായിരിക്കുമോ, ആവോ അറിയില്ല.

ചിലപ്പോൾ ഏതെങ്കിലും നല്ല കുടുംബത്തിൽ ജനിച്ചവരായിരിക്കും. ഏതെങ്കിലും രീതിയിൽ ചതിക്കപ്പെട്ട് സമനില തെറ്റിയപ്പോൾ വീട്ടുകാരുപേക്ഷിച്ചതാകാം. അല്ലെങ്കിൽ കൊടിയ ദാരിദ്ര്യത്തിൽ ആശ്വാസമായി പ്രണയം നടിച്ചെത്തുന്ന കാമവെറിയന്മാർ കടിച്ചു തുപ്പിയതാകാം. ചിലപ്പോൾ സഹോദരിയും ഭാര്യയും അമ്മയുമായിരിക്കാം. ചിലപ്പോൾ ഒരു സാന്ത്വനം കൊണ്ട് അവർക്കു കഴിഞ്ഞുപോയ ജീവിതത്തെ ഓർമ്മ വന്നല്ലോ. ഞാനവിടെ നിന്നു തന്നെ അടുത്തുള്ള മാനസിക കേന്ദ്രത്തിൽ വിളിച്ചു. എന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ അവിടെ അഡ്മിറ്റാക്കാനുള്ള ഏർപ്പാടും ചെയ്ത് അവിടെ നിന്നു മടങ്ങുമ്പോൾ എന്തെന്നറിയാതെ മിഴികൾ നിറഞ്ഞിരുന്നു. എനിക്ക് പോകാനുള്ള ബസ്സിൽ കയറി ടിക്കറ്റെടുത്തു. സീറ്റിൽ കണ്ണടച്ചിരിക്കുമ്പോഴും അവരുടെ നിഷ്കളങ്കമായ മുഖം മാത്രമായിരുന്നു മനസ്സിൽ. അപ്പോൾ പെയ്യുന്ന ചാറ്റൽ മഴയ്ക്ക് അതുവരെയില്ലാത്ത സൗന്ദര്യം തോന്നിയോ .....? ആവോ .... അറിയില്ല...!!

❖ ❖ ❖ ❖

**നന്ദന എ.**
**ബി.എസ്.സി. മൈക്രോബയോളജി**



# സ്വാതന്ത്ര്യത്തിന്റെ മധുരം ...



ഒരിക്കൽ ഒരു കരടി സന്തോഷത്തോടെ കാട്ടിലൂടെ നടക്കുകയായിരുന്നു. പെട്ടെന്ന് ഒരു വേട്ടക്കാരന്റെ മുന്നിൽ ചെന്നു പെട്ടു!. തിരിഞ്ഞോടിയെങ്കിലും വേട്ടക്കാരന്റെ നായ അതിനെ ഓടിച്ചിട്ട് അക്രമിച്ചു. ഇതിനിടെ ഓടിയെത്തിയ വേട്ടക്കാരൻ സമർത്ഥമായി അതിനെ വലയ്ക്കുള്ളിലാക്കുകയും ചെയ്തു. പുറത്തു ചാടാൻ കുറേനേരം പരാക്രമത്തോടെ പരിശ്രമിച്ചു നോക്കിയെങ്കിലും രക്ഷപ്പെടാനാവില്ലെന്ന് മനസ്സിലായതോടെ കൂട്ടിലങ്ങോട്ടുമിങ്ങോട്ടും കരഞ്ഞു കൊണ്ട് കുറേനേരം നടന്നു. പിന്നെ സങ്കടത്തോടെ പുറത്തേക്ക് നോക്കി നിന്നു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു. ഒരു ദിവസം വേട്ടക്കാരന്റെ നായ അതുവഴി വന്നു.

കരടിയെ കണ്ട നായ പറഞ്ഞു.

നീയാകെ മെലിഞ്ഞു പോയല്ലോ ഇവിടത്തെ ഭക്ഷണമൊന്നും നിനക്ക് പറ്റുന്നില്ലേ... വേട്ടക്കാരന്റെ കൂടെ കൂടിയിട്ട് ആദ്യമായിട്ടാണ് ഞാനോരു കരടിയെ കുടുക്കുന്നത്. എനിക്കിപ്പോൾ നല്ല പേരാ. കാട്ടു മൃഗങ്ങളെ പരിശീലിപ്പിക്കാനും എന്നെ തെരഞ്ഞെടുത്തിരിക്കുകയാണ്. എന്നെപ്പോലെ കൂട്ടിലകപ്പെട്ടാലേ നിനക്കതിന്റെ വിഷമമറിയുകയുള്ളൂ. എന്റെ കുഞ്ഞുങ്ങളെയും ബന്ധുക്കളെയും കാണാനാവാതെ നീറി നീറി ഞാൻ ഇവിടെ കിടന്ന് മരിച്ചു പോകും. നീയല്ലേ എന്നെ പിടികൂടാൻ കൂട്ടു നിന്നത്. നിനക്കെന്നെ രക്ഷിക്കാൻ കഴിയുമോ ...

കരടിയുടെ കണ്ണീരിൽ കുതിർന്ന സങ്കടം കേട്ടപ്പോൾ നായയുടെ മനസ്സലിഞ്ഞു.

"ഉം ഞാൻ ഒരു വഴി കണ്ടിട്ടുണ്ട്. നിന്നെ പരിശീലിപ്പിക്കാൻ ഞാൻ വരും. അപ്പോൾ കൂട് തുറന്നയുടൻ നീ ഓടരുത്. പറയുന്ന പോലെ ചെയ്താൽ മതി.

"ശരി" കരടി തലകുലുക്കി സമ്മതിച്ചു.

പിറ്റേന്ന് ചാട്ടവാറും കൈയിൽ പിടിച്ച് പരിശീലകന്റെ വേഷവുമണിഞ്ഞ് നായ മൃഗശാലയിലെത്തി. കൂട്തുറന്ന് പുറത്തിറങ്ങി ഓരോ ഇനങ്ങൾ പറഞ്ഞു കൊടുത്ത ശേഷം കയറി ഇരിക്കാൻ പറഞ്ഞു. ഒന്നു രണ്ട് തവണ അങ്ങനെ ചെയ്ത കരടി മൂന്നാം തവണ മുകളിലെത്തിയപ്പോൾ നായയുടെ കണ്ണിറുക്കലിൽ നിന്ന് കാര്യം മനസ്സിലാക്കി മതിലിന് പുറത്തേക്ക് ചാടി കാട്ടിലേക്ക് ഓടി രക്ഷപ്പെട്ടു. പോകുന്ന പോക്കിൽ നായയോടു നന്ദി പറയാൻ തിരിഞ്ഞു നോക്കിയെങ്കിലും മതിലിനുള്ളിലെ കാഴ്ചകളൊന്നും പുറത്ത് നിന്ന് കരടിക്ക് കാണാൻ കഴിഞ്ഞിരുന്നില്ല.

❖ ❖ ❖ ❖

**റന ഫാത്തിമ ടി.എൻ.**
**മൈക്രോബയോളജി**



**അനോഷ്**
**ബി.സി.എ.**



# ആദ്യ യാത്ര .....
# ആദ്യ അനുഭവം

**കു**ടജാദ്രിയെക്കുറിച്ച് കേട്ടറിവുള്ള ഏതൊരു യാത്രികനും ഒരിക്കലെങ്കിലും പോകാൻ ആഗ്രഹിക്കുന്ന ഇടം തന്നെയാണ് മൂകാംബിക ക്ഷേത്രവുമായി ബന്ധപ്പെട്ടു കിടക്കുന്ന കുടജാദ്രി മലനിരകൾ. മഞ്ഞുപുതച്ചു കിടക്കുന്ന മലനിരകളെ തലോടിയുള്ള മഞ്ഞിന്റെ സഞ്ചാരം കണ്ണിന് കുളിർമ നൽകുന്നതാണ്. കുടജാദ്രിയിലേക്കുള്ള യാത്രാ വിശേഷം പങ്കുവെയ്ക്കുന്നു.

നല്ല കോരിച്ചൊരിയുന്ന മഴയത്ത് കുടജാദ്രിയിൽ പോയിട്ടുണ്ടോ.... വേറൊരു ഫീൽ ആണ്... ഞാൻ ഫാമിലിയുമായിട്ടാണ് പോയത്.കായംകുളത്ത് നിന്ന് രാത്രി 11:00 മണിക്ക് പുറപ്പെടുന്ന നേത്രാവതി എക്സ്പ്രസിലാണ് യാത്ര തുടങ്ങുന്നത്.

ഉടുപ്പിയായിരുന്നു ആദ്യ ലക്ഷ്യം. രാവിലെ 7.30 ആയപ്പോ ഉഡുപ്പി എത്തി. നല്ല ഉറക്കത്തിൽ ആയതിനാൽ ട്രെയിനിൽ നിന്നുള്ള കാഴ്ചകൾ ഒന്നും കാണാൻ ആയില്ല. ഉഡുപ്പിയിൽ റൂം എടുത്തു. പ്രഭാത ഭക്ഷണം കഴിച്ചു അവിടുന്ന് മണിപ്പാൽ ഹസ്തശില്പ ഹെറിറ്റേജ്... ഒരു 10 മിനിറ്റ് കാട്കയറിപ്പോയാൽ സ്ഥലം എത്തും.... അവിടെ മനുഷ്യനിർമിതമായ ഒരു കുളമുണ്ട്. അതും കണ്ട് വഴിയിൽ നിന്ന ഗൈഡിനെ പരിചയപ്പെട്ട് മണിപ്പാൽ യൂണിവേഴ്സിറ്റി കാണാൻ സാധിച്ചു. തിരികെ റൂമിൽ വന്നു ഉച്ചഭക്ഷണവും കഴിച്ച് റൂം വെക്കേറ്റ് ചെയ്തു. ഇനി ലക്ഷ്യം മൂകാംബിക ...

ഉഡുപ്പി റെയിൽവേ സ്റ്റേഷനിൽ നിന്നും മൂകാംബികയിലേക്ക് ട്രെയിൻ കിട്ടി. ട്രെയിൻ ലേറ്റ് ആയതിനാൽ മൂകാംബിക എത്താൻ വൈകി. അവിടുന്നു ടാക്സി വിളിച്ചു മൂകാംബിക ക്ഷേത്രം എത്തി. 'കൊല്ലൂർ' എന്ന സ്ഥലത്താണ് മൂകാംബിക ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. മൂകാംബികയെ ദർശിച്ചാൽ സർവ്വ ഐശ്വര്യവും കലാസാഹിത്യ തൊഴിൽ മേഖലകളിൽ ഉയർച്ചയും ഉണ്ടാകും എന്നാണ് വിശ്വാസം. അത്കൊണ്ട് തന്നെ വിദ്യാർത്ഥികളും കലാസാഹിത്യ മേഖലകളിലുള്ളവരും സ്ഥിരമായി സന്ദർശിക്കുന്ന ഒരു ഇടമാണത്രെ മൂകാംബിക ക്ഷേത്രം. ക്ഷേത്രത്തിനടുത്ത് നല്ല ചീപ്പ് റേറ്റിൽ റൂം കിട്ടുന്നതിനാൽ അവിടെത്തന്നെ സ്റ്റേ ചെയ്തു. അതിരാവിലെ കുടജാദ്രി പോവാനുള്ള ആവേശത്തിലായിരുന്നു ഞങ്ങൾ.

കർണാടകത്തിലെ സഹ്യപർവ്വത നിരകളിലെ 1343 മീറ്റർ ഉയരമുള്ള ഒരു കൊടുമുടിയാണ് കുടജാദ്രി. മൂകാം ബിക ക്ഷേത്രത്തിന്റെ പരിസരത്ത് നിന്ന് ജീപ്പ് കിട്ടും. ഒരാൾക്ക് 500/- രൂപ അടുത്ത് ആകും. രാവിലെ 7 മണി യായപ്പോഴേക്കും റെഡിയായി ഞങ്ങൾ കുടജാദ്രിയിലേക്ക് വിട്ടു. ആ സമയത്ത് ആളുകൾ കുറവായതിനാൽ ഞങ്ങൾ നാല് പേരും പിന്നെ ഒരു ചേട്ടനും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ചുറ്റും കാടും വെള്ളച്ചാട്ടങ്ങളും നിറഞ്ഞ റോഡിലൂടെ ഒരു ഓഫ്റോഡ് ട്രിപ്പ് ഒക്കെ കഴിഞ്ഞ് 10:00 മണി ആയപ്പോ കുടജാദ്രി എത്തി. നല്ല മഴയും കൊടുംതണുപ്പും പിന്നെ കോടയും.

മൂകാംബിക ദേവി ആദ്യം നില കൊണ്ടിരുന്നത് കുടജാദ്രി ക്ഷേത്ര ത്തിൽ ആയിരുന്നെന്നാണ് വിശ്വാസം. അവിടെ നിന്ന പൂജാരി ചരിത്രം ഒക്കെ പറയുന്നുണ്ടായിരുന്നു. ശങ്കരാചാര്യർ ഇരുന്ന് ധ്യാനിച്ച സ്ഥലമാണ് കുട ജാദ്രി മലകൾ. മുകളിലേക്ക് കയറി ചെന്നാൽ ശങ്കരാചാര്യരുടെ സർവ്വ ജ്ഞപീഠവും കാണാം. നല്ല മഴയും, മഞ്ഞു മൂടിയ മലനിരകളും ! നല്ല അന്ത രീക്ഷം. കുറച്ചു നടന്നു കേറണം സർവ്വജ്ഞ പീഠത്തിൽ എത്താൻ. കുറച്ചു നേരം കഷ്ടപ്പെട്ടു നടന്ന് സർവ്വജ്ഞപീഠം കണ്ട് താഴേക്ക് മടങ്ങി.

ഉച്ചയൊക്കെ ആയപ്പോഴേക്കും തിരിച്ച് മൂകാംബികയിൽ എത്തി. ഫ്രെഷ് ആയി ഉച്ചഭക്ഷണം കഴിച്ചു. മൂകാംബിക യിൽ നിന്ന് വിടപറഞ്ഞു. വൈകീട്ട് 4 മണി ആയപ്പോൾ മൂകാംബിക റെയിൽവേ സ്റ്റേഷനിൽഎത്തി. അവിടുന്നു മൂകാം ബിക മുരുഡേശ്വർ ട്രെയിൻ കിട്ടി. വൈകീട്ട് 5 മണി ആയപ്പോൾ മുരുഡേ ശ്വർ എത്തി. ഓട്ടോ പിടിച്ചാണ് റെയിൽവേ സ്റ്റേഷനിൽ നിന്ന് പോയത്. ലോകത്തിലെ തന്നെ ഏറ്റവും വലിയ രണ്ടാമത്തെ ശിവ പ്രതിമ. അടുത്ത് ഒരു 18 നിലയുള്ള ഗോപുരം. അതിന്റെ പിന്നിൽ കടൽ. 10 രൂപ കൊടുത്താൽ ലിഫ്റ്റിൽ കയറി 18-ാം നിലവരെപോയി കാഴ്ച ആസ്വദിക്കാം.

അതൊക്കെ കണ്ട് ആസ്വദിച്ച് രാത്രി 7 ആയപ്പോൾ തിരിച്ച് റെയിൽവേ സ്റ്റേഷനിൽ എത്തി. അവിടെ നിന്നും രാത്രി 8 മണിയോടെ നാട്ടിലേക്ക്...

ഇതുപോലുള്ള യാത്ര ജീവിത ത്തിലെ ചില അമൂല്യ രത്നങ്ങളായി ഓർമയിൽ തളംകെട്ടി നിൽക്കും എന്നത് തീർച്ചയാണ്.

**വിഷ്ണുരാജ്**
**ബി.കോം ലോജിസ്റ്റിക്സ്**



# ഒരു ചായയുടെ ഓർമ്മയ്ക്ക് ...



**ഒ**രുപാട് നാളുകൾക്ക് ശേഷമാണ് അയാൾ തന്റെ നാട്ടിലെ കവല കാണുന്നത്. എത്തിയ ഉടനെ നോക്കിയത് ഗോപിയേട്ടന്റെ ചായക്കടയാണ്. അയാൾ കടയിൽ കയറി ഇരുന്നു

"ഒരു സ്ട്രോംഗ് ചായ." അയാൾ കടയിലെ പണിക്കാരനോട് പറഞ്ഞു. അയാളുടെ കണ്ണുകൾ കടയുടെ ചുറ്റും ആരെയോ തേടിക്കൊണ്ടിരുന്നു. ഇല്ല ഗോപിയേട്ടൻ ഇല്ല. കടയാകെ മാറിയിരിക്കുന്നു. ഗോപിയേട്ടൻ എല്ലാം മോടിപിടിപ്പിച്ചിട്ടുണ്ട്. പുതിയ സഹായിയുമായി ഇപ്പോൾ. അയാൾ മനസ്സിൽ ഓർത്തു.

അഞ്ച് വർഷങ്ങൾക്ക് ശേഷം ദുബായിയിൽ നിന്ന് തന്റെ കൊച്ചു ഗ്രാമത്തിൽ തിരിച്ചെത്തിയതിന്റെ സന്തോഷത്തിലാണ് ഉണ്ണി. ഒരു ദിവസം പോലും മുടങ്ങാതെ അയാൾ ഗോപിയേട്ടന്റെ ചായയുടെ രുചി നുണയാൻ എത്താറുണ്ടായിരുന്നു. വീട്ടിലെ പ്രാരാബ്ദം കൊണ്ട് ഏകമകനായ അയാൾക്ക് വിദേശത്തേക്ക് ജോലി തേടി പോകേണ്ടി വന്നു. ഒരു കൂട്ടുകാരനാണ് എല്ലാം ഏർപ്പാടുകളും ചെയ്തു കൊടുത്തത്. നാട്ടിൽ എത്തിയതിന്റെ പിറ്റേന്ന് മുതൽ ഗോപിയേട്ടന്റെ ചായയെ കുറിച്ചുള്ള ഓർമ്മകൾ അയാളുടെ മനസ്സിനെ വലച്ചു തുടങ്ങി. പിന്നെ ഒന്നും ആലോചിച്ചില്ല കവലയിലേക്ക് ഇറങ്ങി.

അയാൾ ചായയ്ക്കായി കാത്തിരുന്നു. ചായ കൊണ്ടുവരുന്നത് ഒരു പയ്യനാണ്. ഇതിന് മുൻപ് കണ്ടിട്ടില്ല. പുതിയ പണിക്കാരനായിരിക്കും. ഗോപിയേട്ടൻ അവിവാഹിതനാണ്. പെട്ടെന്ന് ഉണ്ണിക്ക് പണ്ട് താൻ ഗോപിയേട്ടന്റെ സ്വാദേറിയ ചായ കുടിച്ചുകൊണ്ട് കൊച്ചുവർത്തമാനം പറഞ്ഞിരുന്നതെല്ലാം ഓർമ്മവന്നു. എത്ര നല്ല നാളുകളായിരുന്നു അതെല്ലാം.

ആ പയ്യൻ ചായ കൊണ്ടുവന്നു കൊടുത്തു. ഗോപിയേട്ടൻ ഇല്ലേ മോനേ? ഉണ്ണി ആരാഞ്ഞു.

"ഗോപിയേട്ടനോ ? അതാരാ ? പയ്യന്റെ ചോദ്യം കേട്ട് ഉണ്ണി ഞെട്ടി. മോനെ ഈ കടയുടെ ഉടമയുടെ കാര്യം തന്നെയാ ഞാൻ ചോദിച്ചേ ... ഗോപിയേട്ടൻ..."

"ചേട്ടന് മാറിപ്പോയതാവും. ഈ കട നടത്തുന്നത് കണാരേട്ടനാ ... ആരാ ഈ ഗോപിയേട്ടൻ ..."


എന്താണ് സംഭവിക്കുന്നത് എന്ന് മനസ്സിലാവാതെ ഉണ്ണി ഇരുന്നു. അയാൾ ഒന്നും മിണ്ടുന്നില്ല. പയ്യൻ തന്റെ ജോലികൾ ചെയ്യാൻ തിരിച്ചു പോയി. ഉണ്ണി ചായ കുടിച്ചു. അല്ല. ഇത് ഗോപിയേട്ടന്റെ ചായയല്ല. അയാൾ പിന്നെ അവിടെ ഇരിക്കാൻ കൂട്ടാക്കിയില്ല. ചായയുടെ പൈസ കൊടുത്തിട്ട് അയാൾ അവിടെ നിന്നിറങ്ങി. നടക്കുന്ന വഴിയെല്ലാം അയാൾക്ക് ഗോപിയേട്ടനെക്കുറിച്ചുള്ള ചിന്തയായിരുന്നു. ആ പയ്യൻ എന്താ അങ്ങനെ പറഞ്ഞത്? ഗോപിയേട്ടന്റെ കടയല്ലേ അത് ? എന്താണ് സംഭവിച്ചത് ? ഗോപിയേട്ടൻ എവിടെ? ഇങ്ങനെ ഒരുപാട് ചോദ്യങ്ങളുമായ് അയാൾ നടന്നു. പെട്ടെന്നായിരുന്നു പുറകിൽ നിന്ന് ഒരു വിളി- "ഉണ്ണിയേ..." നല്ല പരിചയമുള്ള ശബ്ദം. അയാൾ തിരിഞ്ഞു നോക്കി. അവനാണ്. തന്റെ സുഹൃത്ത്. അവനില്ലായിരുന്നെങ്കിൽ വിദേശത്തെ ജോലി വെറും സ്വപ്നമായിപ്പോയേനെ. "ഉണ്ണി..." അവർ പരസ്പരം വാരിപ്പുണർന്നു. അങ്ങനെ സംസാരിച്ച് നിൽക്കുമ്പോഴാണ് ഉണ്ണിക്ക് വീണ്ടും ആ ഓർമ്മ വന്നത്. "ഗോപി യേട്ടൻ എവിടെയുണ്ട് ? " അയാൾ ചോദിച്ചു. "ഗോപിയേട്ടനോ... ഏതു ഗോപിയേട്ടൻ" "ഓ... അയാളോ... അയാൾ വീട്ടിൽ കാണും. എന്താ ? നീ കാണാൻ പോവുന്നുണ്ടോ?" "ആ പോണം. ഗോപിയേട്ടനെ കണ്ടിട്ട് എത്ര നാളായി."

അയാൾ സുഹൃത്തിനോട് വിട പറഞ്ഞ് ഗോപിയേട്ടന്റെ വീട് ലക്ഷ്യമാക്കി നടന്നു. ഗോപിയേട്ടൻ എന്തിനായിരിക്കും കട വിറ്റത്? നടന്ന് നടന്ന് അയാൾ ഗോപിയേട്ടന്റെ വീട്ടിലെത്തി. ആദ്യം അയാളെ ഗോപിയേട്ടൻ തിരിച്ചറിഞ്ഞില്ല. പിന്നീട് "ഗോപിയേട്ടാ... എന്നുള്ള ആ വിളി കേട്ടപ്പോൾ ഗോപിയുടെ കണ്ണുകൾ നിറഞ്ഞു. അയാൾ ഉണ്ണിയെ വാരിപ്പു ണർന്നു. രണ്ടുപേർക്കും എന്തെന്നി ല്ലാത്ത ആഹ്ലാദമായിരുന്നു. പല കാരണ ങ്ങൾകൊണ്ട് അയാൾക്ക് കട വിൽക്കേണ്ടി വന്നു. ഉണ്ണിക്ക് ഗോപിയേട്ടന്റെ ചായ കുടിക്കാൻ അതിയായ മോഹം. ഗോപി യേട്ടൻ തന്റെ ആ കൈപ്പുണ്യമേറിയ ചായ ഉണ്ണിക്ക് തന്റെ വീട്ടിൽ വച്ച് ഉണ്ടാക്കി നൽകി. രണ്ടുപേരും ചായ കുടിച്ച് കൊച്ചു വർത്തമാനങ്ങൾ പറഞ്ഞ് പണ്ടത്തെപ്പോലെ ഇരുന്നു. ഇനി അയാൾക്ക് ദുബായിയിൽ ഇരുന്ന് ഓർക്കാൻ ഇതെല്ലാം ഉണ്ടാവും രണ്ട് ദിവസം കഴിഞ്ഞ് അയാൾ തിരിച്ചുപോകും. ഒരുപാട് ഓർമ്മകളുമായി.

❖ ❖ ❖ ❖

**ആർദ്ര സുമേഷ്**
**ബി.എസ്.സി. മൈക്രോബയോളജി**

# ഇന്നിന്റെ മധുരപ്പഴം



**പു**തിയ സ്ഥലത്തേക്ക് ട്രാൻസ്ഫർ കിട്ടി വന്ന ഒരു ഉദ്യോഗസ്ഥനാണ് സാം. ഓഫീസിൽ ജോയിൻ ചെയ്ത അന്നേ ദിനം വൈകീട്ട് സാം തന്റെ പതിവ് നടത്തം ഇവിടെയും തുടരാൻ തീരുമാനിച്ചു. അങ്ങനെ നടന്നുനടന്ന് സാം കാടിന്റെ ഉൾഭാഗത്തേക്കാണ് പോയിക്കൊണ്ടിരുന്നത്.

നിറയെ കിളികളുടെ ശബ്ദം സാമിന് വല്ലാത്ത കൗതുകം തോന്നി. ആ ശബ്ദം ലക്ഷ്യം വെച്ച് സാം കാടിന്റെ ഉള്ളിലേക്ക് ഉള്ളിലേക്ക് പോയിക്കൊണ്ടിരുന്നു... അവിടെ വളരെ മനോഹരമായ ഒരു അരുവി കണ്ടു. ആ അരുവിക്ക് മുകളിൽ നിന്ന് പാൽ ചൊരിയുന്നത് പോലെ വെള്ളച്ചാട്ടം അതിന്റെ കൈവഴികൾ ആയിരുന്നു. കാടിനിടയിലെ ചെറിയ അരുവി. സാം ഫോൺ എടുത്തു ഫോട്ടോയെടുക്കാൻ തുടങ്ങി. പെട്ടെന്ന് തന്റെ പിന്നിൽ നിന്ന് ഒരു ഗർജനം. തന്റെ പിന്നിലായി ഒരു പുലി, സാം ഭയന്നു വിറച്ചു. അവൻ ഓടി. ഓടുന്നതിനിടയിൽ കാൽ വഴുതി ഒരു ഗർത്തത്തിലേക്ക് അവൻ വീണു..... താഴെ വീഴുന്നതിനിടയിൽ ഒരു മരക്കവലക്കിടയിൽ അവൻ തങ്ങി നിന്നു. സാമിന്റെ ബോധം നഷ്ടപ്പെടുകയും ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ ആ ഗർജനം കേട്ട് അവൻ ഉണർന്നു.

താഴെ നിന്നും ഗർജനം. താഴെയും ഒരു പുലി അവൻ അമ്പരന്നു പോയി. സാം മുകളിലേക്കും നോക്കി അവിടെയും പുലി. തന്റെ മുകളിലും പുലി താഴെയും പുലി. വളരെ ഭയപ്പാടോടെയാണ് സാം തന്റെ ജീവൻ നിലനിർത്താൻ ആ കൊമ്പിൽ പിടിച്ചു കിടക്കുന്നത്. അപ്പോഴാണ് ആ മരക്കൊമ്പിൽ വളരെ മനോഹരമായ ചുവന്ന ചെറു പഴം. തന്റെ ശ്രദ്ധ കുറച്ചു നിമിഷത്തേക്ക് എല്ലാം മറന്ന് ആ ചെറുപ്പഴത്തിലേക്കായി. അത് പറിച്ചു തിന്ന് അതിന്റെ സ്വാദ് നുകർന്നു.

ഇതുപോലെയാണ് നമ്മുടെയൊക്കെ ജീവിതം ആദ്യത്തെ പുലി നമ്മുടെ ഭാവിയും മറ്റേ പുലി നമ്മുടെ ഭൂതകാലവുമാണ്. ആ പഴമോ ഈ വർത്തമാന കാലവും.

സാമിന്റെ കഥയിലെ പോലെ ഭൂതകാലത്തെ പുലിയേയും, ഭാവിയിലെ പുലിയേയും കുറിച്ചോർത്ത് ആകുലപ്പെടാതെ, ഇന്നിന്റെ ആ ചെറുപഴത്തിന്റെ മധുരം നാം ആസ്വദിക്കണം.

❖ ❖ ❖ ❖

**ആൻമേരി ആന്റണി**
**ബി.ബി.എ.**



# ഉഷസ്സ്

ഉദയഗിരി ശൃംഗത്തിലുണരുന്ന പുലരിയിൽ
തൂമഞ്ഞു പെയ്യുന്നു ഭൂമിതൻ നെറുകൈയിൽ
മകരമാസക്കാറ്റു വീഴുന്ന പുലരിയിൽ
മനവും തനുവും നിറയുന്നൊരനുഭൂതിയുണരുന്നൊരുഷസ്സിലായ്
പ്രകൃതിതൻ സംഗീതം
അരുണകിരണങ്ങളിൽ ചായം വരയ്ക്കുന്ന
ഋതുകന്യകയുടെ നൂപുര ധ്വനികളിൽ പ്രകൃതിതൻ
താളം നിറയുന്ന ഭൂവിൽ
കാടും മലകളും നാടും വഴിവക്കും പാടവും പുഴകളും കിളികളും
വിടരുന്നൊരാമ്പലും താമരപ്പൂക്കളും
ഓരോ പുലരിയും പുത്തൻ പ്രതീക്ഷയുടെ പൂമണം നൽകുന്നു
ശുഭദിനം നേരുന്നു
സർവ്വജാലങ്ങളും സർവ്വേശ്വനെ സ്തുതിക്കുന്ന
പുലരിയിൽ നമുക്കിന്നു വാനവും സൂര്യനും.

❖ ❖ ❖ ❖

**നന്ദന എ.**




**ഇ**ന്നിതാ ഈ ഭൂമി
ഉയർത്തെഴുന്നേറ്റിടുന്നു
നല്ലൊരു ദിനം അതിൽ
വർണ്ണം നിറയ്ക്കുവാൻ

പല നിറം ചേരുമീ
ജീവിത നാൾവഴിയിൽ
മധുരം നിറയുമീ
ഓർമ്മകൾ മാത്രമായ്

ലോകമാം പൊയ്കയിൽ
യാത്രക്കാർ ഈ നമ്മൾ
ഇനിയുള്ള ജന്മത്തിൻ
കാവലാൾ ഈ നമ്മൾ !

സാന്ത്വനം സന്തോഷം
സ്വാതന്ത്ര്യം സൗഹൃദം
സാന്ദ്രമാം ഈ ലോക
ജീവിതം ആനന്ദം

സന്തോഷ ദു:ഖങ്ങൾ
ഒന്നിച്ച് ചേർത്തിടാം
ഉല്ലാസമാക്കിടാം ജീവിത
പാഠങ്ങൾ .......

സൂര്യകിരണം പതിച്ചൊരീ
പ്രപഞ്ചത്തിൽ
ഊർജ്ജസ്വലമായ്
ഉയർന്നിടും ഭാവങ്ങൾ ....

ബാല്യങ്ങൾ യൗവന
വാർദ്ധക്യ കാലങ്ങൾ
മനസ്സിലെ മുറിവിനെ
ഉണക്കാതെ വച്ചിടാം...

മഴവില്ല് തെളിയുന്ന
ആകാശ പാതയിൽ
വർണ്ണങ്ങൾ പോലെ
തെളിയുന്ന മനസ്സുകൾ.

കോർത്തിടാം ഈ കൈകൾ
നല്ലൊരു നാളെക്കായ്
ഉറങ്ങിടാം ശ്രദ്ധയാൽ
ഉണർന്നിടാം നാളെക്കായ്

❖ ❖ ❖ ❖

**അമൃതരാജ്**



# പ്രതീക്ഷ

എന്നിൽനിന്നകന്നതെല്ലാം ഒരു നാൾ തിരികെ
എന്നിലേക്കു ചേരുമെന്നതിൽ പ്രതീക്ഷ
ആയിരമായിരം ദു:ഖങ്ങളിൽ മുഴുകി ജീവിക്കു-
മെന്നിതു ദു:ഖം മാറുമെന്നാൽ പ്രതീക്ഷ
തനിച്ചിരിക്കും വേളകളിൽ ഞാൻ വിഷാദത്തിൽ
മുഴുകുമ്പോൾ എൻ മനസ്സെന്നോടു മന്ത്രിക്കും
എല്ലാം മാറിമറയുന്നൊരു സമയം വരും അതിനായി
നീ പ്രതീക്ഷിക്കുക
പ്രതീക്ഷകൾ ഇല്ലാത്ത മർത്ത്യജീവിതം നീർക്കുമിളകൾക്കു സമം
ദൂരെയൊരു ദിക്കിൽ നിന്നും കാറ്റിന്റെ കരങ്ങൾ
പ്രതീക്ഷകളെ എന്നിലേക്കെത്തിക്കുന്നതുപോലെ
മനുഷ്യപുത്രന്റെ മനസ്സിന്റെ ദുർബലത ഇല്ലാതാകുന്ന
അതുല്യമായ ആയുധമേ നിന്നിലേക്കാണെന്റെ യാത്ര
എങ്ങോ നിന്നൊഴുകിയെത്തുന്ന നദികൾ സാഗരങ്ങളിൽ-
ജലം നിറയ്ക്കുന്നതുപോലെ-
കാതങ്ങൾ അകലെയാണെങ്കിലും വറ്റിവരണ്ട എൻ മനസ്സിന്റെ
ആഴങ്ങളിലേക്കും നീ വരുമെന്നും-
നിന്റെ വരവിനാൽ അന്തമാം എൻ മനസ്സിന്റെ
മൂടലുകൾ മായുമെന്നും വിശ്വസിക്കുന്നു ഞാൻ.

അറിയില്ല എനിക്ക് പറഞ്ഞു തരൂ നീ-
നീ വരുമെന്ന വിശ്വാസത്തെയാണോ ഞാൻ
നിന്റെ പേരുപോലെ പ്രതീക്ഷയെന്നു വിളിക്കേണ്ടത്.
നിന്റെ വരവിനാൽ മാത്രം ധന്യമാവാനിരിക്കുന്ന
എൻ മനസ്സിനെ ദു:ഖത്തിലാഴ്ത്തുമോ നീ
ആയിരം പ്രകാശവർഷങ്ങൾക്കകലെയാണെങ്കിലും നിന്നി-
ലേക്കുള്ള പ്രയാണം ഉപേക്ഷിക്കുകയില്ല ഞാൻ
കൈയെത്താദൂരത്താണെങ്കിലും ആരാരും പ്രതീക്ഷയിലേ
ക്കുള്ള യാത്ര മുടക്കാതിരിക്കുക
ഒരുനാൾ ഞാൻ നിന്നിലേക്കെത്തും അന്നു നീ
എൻ ജീവിതത്തിലേക്കാരായി വരുമെന്നറിയുവാൻ ഒരു-
മോഹം
പറയൂ എൻ പ്രണയിനിയായി നീ വരുമോ
നിന്നെ പുൽകാനായി എൻ കരങ്ങൾ കൊതിക്കുന്നു.
നിന്നിലേക്കുള്ള പാതകൾ താണ്ടി ഞാൻ വരുമ്പോൾ
നീയെന്നെ കൈവെടിയുമോ
സത്യമാണു നീ എനിക്കു പ്രിയമുള്ളതാണ് നീ-
എന്നെ കൈവെടിയുകയില്ലെന്നു, നീ നിനക്കായി-
നൽകിയ നാമം പോലെ
എന്റെ മനസ്സിൽ നീ ഉദിക്കുന്നു.



**ഋതുകേശ്**
**ബി.കോം ടാക്സ്**



# സ്ത്രീ വസ്ത്രധാരണം
## സമൂഹത്തിന്റെ ഇടപെടലുകൾ..

**സ്ത്രീ** വസ്ത്രധാരണം എന്ന് പറയുമ്പോൾ തന്നെ ആദ്യം മനസ്സിലേക്ക് ഓടിയെത്തുന്നത് അവളുടെ ശരീരത്തിലേക്ക് തുറിച്ച് നോക്കുന്ന സമൂഹത്തിന്റെ കണ്ണുകൾ ആണ്. സ്ത്രീക്ക് ഒരു വസ്ത്രധാരണം പുരുഷന് മറ്റൊരു വസ്ത്രധാരണം എന്നിങ്ങനെ സമൂഹത്തിന് ഒരു കാഴ്ചപ്പാട് ഉണ്ട്. സ്ത്രീ പുരുഷ വ്യത്യാസത്തിൽ പ്രാചീന കാലത്ത് ഏറ്റവും പ്രാധാന്യമുള്ള ഒന്ന് വസ്ത്രധാരണമാണ്.

വസ്ത്രധാരണം എന്നത് മനുഷ്യന്റെ പ്രധാനപ്പെട്ട ഒരു അവശ്യ ഘടകമാണ്. ഭക്ഷണം, ജലം, വായു, വസ്ത്രം, പാർപ്പിടം എന്നിങ്ങനെയാണ് ആ ഘടകങ്ങൾ. പ്രാചീനകാലത്ത് മാറ് മറയ്ക്കാൻ പോലും അനുവാദമില്ലാതിരുന്നതിൽ നിന്നും കരകയറി വന്നവരാണ് ഭാരതീയർ. ഭാരതീയ വസ്ത്രധാരണത്തിന് സമൂഹത്തിന്റേതായ ഒരു കാഴ്ചപ്പാട് ഉണ്ട്. ശരീരം മൊത്തം മറയ്ക്കുക അല്ലെങ്കിൽ സ്ത്രീയെ മൊത്തത്തിൽ അവളുടെ ആഗ്രഹങ്ങൾ, ആവശ്യങ്ങൾ, അവകാശങ്ങൾ എന്നിങ്ങനെ നിരവധി കാര്യങ്ങളിൽ ഉൾപ്പെടുതത്തുക.

സ്ത്രീസമൂഹം ഇന്ന് വളരെയധികം പഴികൾ അല്ലെങ്കിൽ അഭിപ്രായങ്ങൾ കേൾക്കേണ്ടി വരുന്നത് അവരുടെ വസ്ത്രധാരണത്തിന്റെ ഭാഗമായാണ്. വസ്ത്രധാരണം ഒരു വ്യക്തിയുടെ അവകാശമാണ്. ഏത് രീതിയിലാണ് വസ്ത്രം ധരിക്കേണ്ടത് എന്നത് ഒരു വ്യക്തിയുടെ അധികാരവും അവകാശവുമാണ്. ഈ അവകാശം നിർണ്ണയിക്കേണ്ടതും നടപ്പിലാക്കേണ്ടതും വ്യക്തികളാണ്. എന്നാൽ സമൂഹം അതിനെ അശ്ലീലകണ്ണുകൾ കൊണ്ട് നോക്കുന്നു. സമൂഹം എന്നത് എന്താണ് എന്നാണ് നമ്മൾ ആലോചിക്കേണ്ടത്.

ഇന്നത്തെ ഭാരതീയർ വസ്ത്രധാരണം അന്യ രാജ്യങ്ങളിൽ നിന്ന് കടമെടുത്തു. നിരത്തിൽ പുതിയ ഫാഷനുകളും, ട്രെൻഡുകളുമൊക്കെ വന്നു. നമ്മൾ പലരും ആ വസ്ത്രധാരണം നമുക്ക് ഇണങ്ങുന്നതാണെന്ന് മനസ്സിലാക്കിക്കൊണ്ട് അതിനെ ആശ്രയിക്കാൻ തുടങ്ങി. ഈ രീതി തികച്ചും നല്ലത് തന്നെ. പക്ഷേ, സമൂഹം അതിനെ വീക്ഷിക്കുന്നത് മറ്റൊരു കണ്ണിൽ കൂടിയാണ്. വസ്ത്രം അനുയോജ്യമാണോ, സുരക്ഷിതമാണോ എന്നിവയൊക്കെ അത് ധരിക്കുന്ന ആളാണ് തീരുമാനിക്കുന്നത്. വസ്ത്രം മാറ് മറയ്ക്കുന്നില്ലെങ്കിൽ, പിൻഭാഗം കാണിക്കുന്നതെങ്കിൽ, ഇറക്കം ഇല്ലെങ്കിൽ ഒക്കെ ചിലർക്ക് പ്രശ്നം. എന്നാൽ, വസ്ത്രം ഇങ്ങനെയൊക്കെ ആവണമെന്ന് മറ്റു ചിലർ. ഇന്നത്തെ സമൂഹം വസ്ത്രധാരണം എന്ന വിഷയത്തിൽ വളരെ ബോധവാൻമാരാണ്. നമ്മുടെ വസ്ത്രമാണ് നമ്മളെ നിർണ്ണയിക്കുന്നത് അല്ലെങ്കിൽ അതാണ് നമ്മളെ മനസ്സിലാക്കാൻ സഹായിക്കുന്നത് എന്ന് പറയുന്നവർ ഉണ്ട്. എന്നാൽ ഒരാളുടെ വസ്ത്രം അവരെ നിർണയിക്കുന്നുണ്ടോ എന്ന ചോദ്യം നമ്മുടെ മുന്നിൽ ഉണ്ട്.

വസ്ത്രത്തിന്റെ നീളം കുറഞ്ഞാൽ ശരീരഭാഗം കണ്ടാൽ ഒക്കെ അവൾ പ്രശ്നക്കാരി അല്ലെങ്കിൽ വേശ്യ ആണ് എന്ന് വിലയിരുത്തുന്നു. എന്നാൽ പുരുഷന്മാരുടെ കാര്യത്തിൽ അത് വളരെ നിഷ്പക്ഷമാണ്. സമൂഹം ഒരിക്കൽപോലും ആൺ വർഗ്ഗത്തിന്റെ വസ്ത്രധാരണ കാര്യത്തിൽ ഇടപെടാറില്ല. അവർ എന്തെങ്കിലും കാണിക്കട്ടെ എന്ന വിചാരം സമൂഹത്തിനുണ്ട്. എന്നാൽ ഒരു സ്ത്രീ ആണെങ്കിൽ അവൾ കുഴപ്പക്കാരി. സ്ത്രീ ശാക്തീകരണം എന്ന പേരിൽ സ്ത്രീകളെ താഴ്ത്തിക്കെട്ടുന്നതിൽ സമൂഹത്തിന് പങ്കുണ്ട്.

കേരളത്തിൽ പീഡനങ്ങൾ വർദ്ധിച്ചു വരുന്നത് സ്ത്രീകളുടെ വസ്ത്രധാരണം കൊണ്ടാണ് എന്ന് പറയുന്നവർ നിരവധിയാണ്. മനുഷ്യന്റെ മനസ്സാണ് ഇതിനൊക്കം കാരണം. വ്യക്തികളുടെ കാഴ്ചപ്പാടാണ് അല്ലെങ്കിൽ ചിന്താഗതിയാണ് ഇതിനൊക്കെ കാരണം. മനുഷ്യമനസ്സിലെ അശ്ലീലചിന്തകൾ അവരെ വികൃതരാക്കുന്നു. സ്ത്രീയുടെ വസ്ത്രധാരണം അവരെ പീഡനത്തിന് ഇരയാക്കുന്നു എന്ന വാദം ഒരിക്കൽ കേട്ടു. അതിൽ എന്തെങ്കിലും വാസ്തവമുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വികൃതമായ മനസ്സിലെ വിചാരങ്ങളും ചിന്താഗതികളും മനുഷ്യനെ തെറ്റ് ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നു.

സമൂഹത്തിന്റെ കാഴ്ച്ചപ്പാടിൽ സ്ത്രീ എപ്പോഴും പിറകിൽ തന്നെയാണ്. എത്രയൊക്കെ സ്ത്രീശാക്തീകരണം ഉണ്ടെന്ന് പറഞ്ഞാലും സ്ത്രീയ്ക്ക് സമൂഹം ഒരു സ്ഥാനം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പുതിയ തലമുറയിലും ഇനി വരുന്നതും വരാനുമിരിക്കുന്ന സമൂഹത്തിലും സ്ത്രീ ഉന്നതിയിൽ എത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരാളുടെ വസ്ത്രധാരണം കൊണ്ട് മാത്രം അവരെ വിലയിരുത്താൻ ആവുന്നില്ല. സമൂഹത്തിൽ വസ്ത്രധാരണത്തിന് വലിയ പ്രാധാന്യമുണ്ട്. വസ്ത്രം ഒരു വ്യക്തിയുടെ സ്വാർത്ഥ താൽപര്യമാണ്. വസ്ത്രം ഒരിക്കലും ഒരു വ്യക്തിയുടെ അടിസ്ഥാനമല്ല.

ഇഷ്ടപ്പെട്ട വസ്ത്രധാരണത്തിന് അവകാശമുണ്ടെന്ന് പറയുമ്പോഴും അവിടെ സ്ത്രീക്ക് പരിധി നിശ്ചയിക്കുന്നു. വസ്ത്രം മനുഷ്യന്റെ അവകാശമാണ്, പക്ഷേ ആ അവകാശം നിശ്ചയിക്കുന്നത് ഒരിക്കലും

സമൂഹം ആവരുത്. നമ്മൾ എന്ത് ധരിക്കണം എന്നത് നമ്മുടെ തീരുമാനമാണ്. ആ തീരുമാനം നമുക്ക് വേണ്ടിയാവണം. നമ്മൾ നമ്മുടെ വസ്ത്രധാരണം ശ്രദ്ധിക്കാം, മറ്റുള്ളവർ അവർക്ക് ഇഷ്ടപപെട്ടതും അനുയോജ്യമായത് ധരിക്കട്ടെ. ഓരോ വ്യക്തിയും ഇങ്ങനെ ചിന്തിച്ചാൽ നമുക്ക് സ്ത്രീ വസ്ത്രധാരണത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ മാറ്റി ചിന്തിക്കാൻ സാധിക്കും. അടുത്ത തലമുറയിൽ വസ്ത്രധാരണത്തിന്റെ കാഴചപ്പാടുകൾ ഇല്ലാതാവുമെന്ന് നമുക്ക് പറയാനാവും.

LGBTQ+ എന്ന പുതിയ ചിന്ത തുറക്കുന്നതിൽ വസ്ത്രധാരണത്തിന്റെ പ്രാധാന്യം കുറയുമെന്ന കാര്യം വളരെ വ്യക്തമാണ്. മനുഷ്യൻ അവന്റെ ലൈഗിംകത തിരിച്ചറിയുമ്പോൾ ആണ് വസ്ത്രധാരണം അവനെ അല്ലെങ്കിൽ അവളെ സ്വാധീനിക്കുന്നത്. പുരുഷനായി ജനിച്ച ഒരാൾ സ്ത്രീയായി ജീവിക്കാൻ ആഗ്രഹിച്ചാൽ അല്ലെങ്കിൽ സ്ത്രീയെപ്പോലെ വസ്ത്രം ധരിച്ചാൽ അത് വളരെ മോശം കാര്യം, സമൂഹത്തിന് യോജിക്കാത്തത് എന്നൊക്കെ മുദ്ര കുത്തും. എന്നാൽ അത് ഒരു വ്യക്തിയുടെ അവകാശമാണെന്ന് നാം തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അത്പോലെ തന്നെ സ്ത്രീയും ചിന്തിച്ചാൽ അവളും തെറ്റുകാരിയാണ്. ഇതൊക്കെ നിർണ്ണയിക്കുന്നത് സമൂഹമാണ്. ആരാണ് ഈ സമൂഹം. സമൂഹം എന്നത് നമ്മൾ തന്നെയാണ്. നാം നമ്മുടെ ചിന്താഗതികളും, അഭിപ്രായങ്ങളും മാറ്റാൻ തുടങ്ങിയാൽ സമൂഹം എന്ന ചിന്താഗതി മാറ്റുവാൻ സാധിക്കും. നമുക്ക് ശരി എന്ന് തോന്നുന്നത് നമുക്ക് ചെയ്യാം, ഒരുപക്ഷേ അത് സമൂഹത്തിന്റെ കണ്ണിൽ തെറ്റായാലും, നമുക്ക് ആരെയും മാറ്റാൻ സാധിക്കില്ല, പക്ഷേ, നമുക്ക് നമ്മളെ മാറ്റാൻ സാധിക്കും.

വസ്ത്രധാരണം തന്നെ ഇല്ലാതിരുന്ന കാലത്ത് നിന്ന് മാറ് മറയ്ക്കാൻവേണ്ടി പ്രതിഷേധിച്ച കാലത്ത് നിന്ന് വസ്ത്രധാരണം ഒരു ചർച്ച വിഷയമാക്കേണ്ടതില്ലെന്നതാണ് എന്റെ അഭിപ്രായം. വസ്ത്രധാരണം ഒരിക്കലും ആരെയും ബോധിപ്പിക്കാൻ വേണ്ടിയാവരുത്. അത് നമ്മുടെ ആവശ്യമായി കണക്കിലാക്കിക്കൊണ്ട് മുന്നോട്ട് പോവാൻ ശ്രമിക്കാം.

**അമൃതരാജ്**



# സഖാവിന്റെ സഖി



ഇന്ന് നിന്റെ കൈപിടിച്ച് നടക്കുമ്പോൾ നമ്മൾ നടന്നു തീർത്ത ഓരോ വഴിയുംഎനിക്ക് മുന്നിൽ ഇന്നലെയെന്നപോൽ തെളിയുന്നു. അന്ന് ആ മഴയത്ത് നിന്നോടുള്ള എന്റെ പ്രണയം തുറന്നു പറയാതെ പോയപ്പോൾ ഉള്ളിൽ ഞാൻ ഒരുപാട് വേദനിച്ചിരുന്നു. പുതിയ കലാലയത്തിൽ നീയും കൂടെ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ഒരുപാട് ആഗ്രഹിച്ചിരുന്നു. പണ്ട് ഞാൻ ഒരുപാട് സ്നേഹിച്ചിരുന്ന ആരാധിച്ചിരുന്ന ആ പെങ്കൊടിയും മുദ്രാവാക്യങ്ങളും ആ കലാലയത്തിൽ നിന്റെ അസാന്നിധ്യത്തിൽ എന്നെ ഒരുപാട് മുറിപ്പെടുത്തിയിരുന്നു.

എന്നാൽ ദിവസങ്ങൾക്കുശേഷം എന്റെ പ്രിയപ്പെട്ടവന്റെ .... എന്റെ സഖാവിന്റെ ശബ്ദം കേട്ടപ്പോൾ ഓടുകയായിരുന്നു, അല്ല പായുകയായിരുന്നു അങ്ങോട്ട് ...

അന്ന് നിന്നെ ഓടിവന്ന് പുണരുമ്പോൾ ചുറ്റും ഉള്ളവരെയോ നിന്റെ പ്രതികരണമോ ഒന്നും ഞാൻ ഓർത്തിരുന്നില്ല. അത്രയും ഞാൻ അനുഭവിച്ച വിരഹവും വേദനയും നിന്നിൽ ചുംബനങ്ങളായ് ചൊരിയുമ്പോൾ എന്നിലെ പ്രണയവും ഞാനറിയാതെ പുറത്തു വന്നിരുന്നു. എന്നാൽ നിന്നിൽ നിന്നും പ്രതികരണമൊന്നും ഇല്ലാതെ വന്നപ്പോഴാണ് ഞാൻ എന്താണ് ചെയ്യുന്നത് എന്ന ബോധം എനിക്കുണ്ടായത്. ചെയ്ത് പോയ അബദ്ധം ഓർത്ത് പിന്തിരിയാൻ ഒരുങ്ങിയപ്പോൾ എന്നെ തിരികെ പുണർന്ന നിന്റെ കൈകൾ എന്നിൽ തീർത്ത വികാരം എന്തായിരുന്നു എന്നുള്ളത് എനിക്ക് ഇന്നും അന്യമാണ്.

“ഇഷ്ടമാണ് ... ഒരുപാട് ... അന്നും ഇന്നും...”

ആ വാക്കുകൾ ... ഇന്നും ആലോചിക്കുമ്പോൾ മനസ്സിനെ കുളിരണിയിക്കുന്ന ആ വാക്കുകൾ... അന്ന് ചെങ്കൊടിയേന്തിയ ആ കൈകളിൽ എന്നെയും ചേർത്തുപിടിച്ച് ഈ വരാന്തയിലൂടെ നടക്കുമ്പോൾ ലോകം കീഴടക്കിയ സന്തോഷം ആയിരുന്നു.

ഇന്ന് വർഷങ്ങൾക്കുശേഷം ഈ വരാന്തയിൽ നിൽക്കുമ്പോൾ അതേ സ്ഥലം, അതേ വാകകൾ, അതേ ചെങ്കൊടി, അതേ വികാരങ്ങളും... എന്നാലും ഒന്ന് മാത്രം അന്നത്തെ എന്നിൽ നിന്നും ഇന്നത്തെ എന്നെ വ്യത്യസ്തയാക്കുന്നു... ചെങ്കൊടികൾക്ക് നടുവിൽ വെച്ച് അന്ന് നീ ചാർത്തിയ ഹാരത്തിന് പകരം ഇന്ന് നിന്റെ പേര് കൊത്തിയ താലിയാണ് സഖാവേ എന്നെ പൂർണയാക്കുന്നത്.

“എന്താണ് സഖീ... പൂർവ്വ വിദ്യാർത്ഥി സംഗമത്തിന് വന്നിട്ട് പഴയ ഓർമ്മകൾ അയവിറക്കുകയാണോ ... !! ??”

“അതൊന്നും ഞാൻ മറന്നിട്ടില്ല സഖാവേ... എങ്കിലും എന്തോ ഒരുപാട് നാളിന് ശേഷം ഇവിടെ നിൽക്കുമ്പോൾ സഖാവിന്റെ പഴയ സഖിയാകാൻ ഒരു കൊതി ”

“നീ എന്നും എന്റെ സഖിയല്ലേ... ഈ സഖാവിന്റെ സഖി ”

അതുപറഞ്ഞ് അവസാനിച്ചതും ഇരുവരും പരസ്പരം പുണർന്നു... ഇരു ഹൃദയങ്ങളും ഒന്നായ് മിടിച്ചു... ആ നിമിഷം അവിടെ ഉണ്ടായിരുന്ന സ്പീക്കറിൽ നിന്നും അവർക്കെന്നപോൽ ആ വരികൾ ഒഴുകിയെത്തീ.

“സഫലമീ ജീവിതം പ്രേമപൂർണ്ണം

പാർവ്വതിലോല നിൻ കരുണയാലേ ...”

*********

**ശിശിര എം.എസ്.**
**ബി.ബി.എ**

# Writer's heart bleeds!

Who has the control over us?

Did your eyes get tired?

Did someone cuff your hands?

Who is restricting your pens?



The papers were burned

Some hearts were burned with it

Some mouths started hauling

It hurt someone's year.



■ Sneha Rose
(BSc Psychology)

# Social Media:
# The Fourth Pillar of Democracy




India, as we know, is the world's largest democracy with over 1.3 billion people living together in a nation so diverse, multi-cultural, multi-linguistic and even multi-religious. How can a country like India even function despite such divisions? India has always upheld the meaning of democracy; it gives people their voice, their right to vote in free and fair elections, as established by the constitution.

In such a society, free-speech is a pre-requisite, without free-speech, there would be no free exchange of ideas, no debates regarding important issues and ultimately would lead to autocracy. Therefore, it is essential to maintain platforms where free speech can be practised, this brings us to the topic of social media, and social media is a powerful online platform where information can be passed in to the internet.

Why do we call it the fourth pillar of democracy? We already know that the three basic concepts of democracy are *liberty, equality* and *fraternity*. These three concepts provide the foundation for any working democracy, but in the rise of the new era of technology, social media has transformed itself into being one of the main platforms for exchange of ideas. It thus, becomes important that these platforms provide as little restrictions on speech as possible and allow people with different views and prospective to exchange their views online.

However, recently there have been revelations about the operations of the social media company Twitter, which was recently published by a multi-millionaire called Elon Musk. He was set on exposing the previous ownership's biases, which lead to the censoring of accounts linked to the political right in America. He released evidences to the media through some journalists in the media regarding this issue, which has gone completely viral over the past a few weeks. Now, we don't know if the current ownership of Twitter will do any better than the previous

ones regarding the issue of free speech, but it's certainly a step in the right direction.

The governments throughout constantly seek for ways to add censorship laws to social media, they threaten the social media companies with bans unless it complies with their narrative. Compare the situation of social media usage by citizens of India against China.

In India, people can criticize and even had abuses against their government officials. Whereas even the slightest bit of criticism online in China is removed immediately out of the platform and the account would be either be suspended or outright banned. People in China simply can't criticize their government's actions online as all the social media companies in China are under heavy government regulations, they risk losing their business if they don't comply with these regulations. China is an autocracy, and one of their most effective ways of manipulating people's opinion is by social media. They spread their narratives through social media for everyone to see, and since there is no opposition allowed in China, most of the common people tend to believe those false narratives that constitute a false reality.

It is hence of extreme importance to push for more free speech platforms, be proactive against censorship by large social media companies and governments. That way we can ensure that all citizens of the country are well informed at the events occurring in the country have healthy debates that lead to sensible legislation that will actually make people's lives better.

**Daniel Praveen**
(BSc Microbiology)




# When the books turn into ashes!



There I stand in the middle of ashes
Searching for my identity
I won’t find what I am searching
But there I found the identity to many
Burning to ashes.

Ashes that once belonged to someone
Floating around the field in a hurry
Trying to find its owner
Informing him that his identity is
Burning to ashes.



These ashes, won’t crying loudly
A story of their lifetime
Yet every human watch them take
This last breathe and let them cry while
Burning to ashes.

■ **Sruthi Krishna**
(BSc Psychology )

# The Protest



**H**ow fool the people are?
How can they easily haul at that?
The knowledge is packed in the sky
Burned! Burned! Burned!

While I get those ideas
All are destroyed in a sudden
How can someone laugh at it?
Burned everything at last.

Why people are not thinking
How powerful are those
Written by those precious ones
Knowledge is power
But now, Burned breathing Burned! Burned!

■ **Amrutha M. M.**
(BSc Psychology)

# WALK ALONE



Through the world of imagination
I walk alone
At the mid of night
Thinking about the past

I can't express my feelings
That stuck to my mind
My eyes go wet
They keep moving around

The whispering of wind
Rushes out as ears
At the time of cool
Felt comfort and relief

Hoping the best is fine
But no way to wait
Keep going forward
Better days are coming

Love, like laughter
Makes life precious
Loneliness is painful
Making merry is awesome

**Amritha Raj**





# यादों

यादों ने मुझे कई रातें
सोने न दिया।
यादों के साथ खेलना मुझे
अच्छा लगता था।
यादों ने मुझे हँसते, रोते
देखता है।
मेरी आँखों कि आँसु के कारण
भी इसी यादें है।
आँखों से घिरा आँसु,
यादों में घिरा बारिश जैसी है।
जो ज़िन्दगी भर साथ रहे
वह सिर्फ मेरी यादों है।

देविका
बीकॉम लॉजिस्टिक्स

SNGIST
GROUP OF INSTITUTIONS

# SNGIST ASC

**MANAKKAPPADY NORTH PARAVUR**


## MG UNIVERSITY KALOLSAVAM ANEKHA A GRADE WINNERS



DEVIKA RAMACHANDRAN
BSc 1st Year Microbiology.
Bharatanatyam and Mohiniyattam



Ciya Theresa
B Com 2nd year Finance and Taxation
Light Music





Parvathy
MSc 1st year Bio Chemistry
Recitation - English



Sidharth Anil Kumar
B Com 2nd year Finance and Taxation
Kavitha Parayanam-Malayalam

*Congratulations*

SNGIST
Arts & Science College



SNGIST
Arts & Science College

Manakkappady, N. Paravur

**Ph : 8593995249**